I ഇ.ബി. XV - കേരള നിയമസഭ/VIII-9

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ഫെബ്രുവരി 27, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

യൂത്ത് കോൺഗ്രസ് നേതാക്കൾക്ക് പോലീസ് മർദ്ദനം

മി.സ്പീക്കർ: സംസ്ഥാന ബഡ്ജറ്റിലെ നികുതി വർദ്ധനവിനെതിരെ എറണാകുളത്ത് യൂത്ത് കോൺഗ്രസ് നടത്തിയ പ്രതിഷേധ മാർച്ചിനെത്തുടർന്ന് എം.എൽ.എ. അടക്കമുള്ള യൂത്ത് കോൺഗ്രസ് നേതാക്കളെ പോലീസ് ആക്രമിച്ചതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50

അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി വിഭവസമാഹരണത്തിനുള്ള സാധ്യതയും കടമെടുക്കാനുള്ള അവകാശവും കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയ സാഹചര്യത്തിലാണ് നികുതി വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായത്. ഇതിനെതിരെ കളമശ്ശേരി പോലീസ് സ്റ്റേഷനിലേയ്ക്ക് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ പ്രതിഷേധ മാർച്ച് പോലീസ് തടഞ്ഞപ്പോൾ അവരെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും യാത്രക്കാർക്ക് മാർഗ്ഗതടസ്സം സൃഷ്ടിക്കുകയുമാണുണ്ടായത്. യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ ആക്രമണത്തിൽ ആറ് സിവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയുണ്ടായി. പരിക്കേറ്റ യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും പോലീസുകാരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകുകയും 12 പേരെ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അറസ്റ്റുമായി ബന്ധപ്പെട്ട് ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യും ഡി.സി.സി. പ്രസിഡന്റും മറ്റ് യൂത്ത് കോൺഗ്രസ് പ്രവർത്തകരും എറണാകുളം പോലീസ് സ്റ്റേഷനിൽ തള്ളിക്കയറാനും പോലീസ്

ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്താനും ശ്രമിച്ചതിന് മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 11.02.2023-ന് മുഖ്യമന്ത്രിയുടെ യാത്രാവേളയിൽ കളമശ്ശേരിയിൽവച്ച് വാഹനവ്യൂഹത്തിന്റെ മുന്നിലേയ്ക്ക് എടുത്തുചാടാൻ ശ്രമിച്ച ഒരു യുവതിയുൾപ്പെടെയുള്ള നാല് യൂത്ത് കോൺഗ്രസുകാരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അനിവാര്യമായ നിയമനടപടികളാണ് ഇത്തരം സാഹചര്യത്തിൽ പോലീസ് സ്വീകരിക്കുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ജനജീവിതം ദുഃസ്സഹമാക്കുന്ന ബജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരെ സംസ്ഥാനത്തുടനീളമുണ്ടാകുന്ന ജനകീയ പ്രതിഷേധങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്ന ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹവും ജനാധിപത്യധ്വംസനവുമാണ്. കളമശ്ശേരിയിൽ സമരം നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്ത് പോലീസ് വാനിൽ വച്ച് അവരുടെ തലയടിച്ച് പൊട്ടിക്കുന്ന ദൃശ്യങ്ങളാണ് കാണാൻ കഴിഞ്ഞത്. നികുതി വർദ്ധനവിന്റെ പേരിൽ നാലായിരം കോടി രൂപയുടെ ബാധ്യത ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാനോ സമരം ചെയ്യാനോ പാടില്ലെന്ന നിലപാട് ശരിയല്ല. പൊതുമുതൽ നശിപ്പിക്കുകയോ

ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയോ ചെയ്യാതെ സമാധാനപരമായി സമരം ചെയ്യുന്നവരെ പോലീസ് ബന്ദികളാക്കുകയാണ് ചെയ്യുന്നത്. സമരക്കാരെ മനുഷ്യത്വരഹിതമായി അടിച്ചമർത്തുന്ന പോലീസ് നടപടിയും അക്കാര്യത്തിലുള്ള സർക്കാരിന്റെ സമീപനവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാരിനെ അപകീർത്തിപ്പെടുത്തി വികസന പ്രവർത്തനങ്ങളെ തകർക്കാനുള്ള ചില മാധ്യമങ്ങളുടെ കുപ്രചരണത്തിന്റെ ഭാഗമായുള്ള വാർത്തകളാണിത്. സാധാരണയിൽനിന്നും വ്യത്യസ്തമായി ഒറ്റപ്പെട്ട പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്ന രീതി ബഹുജന പ്രസ്ഥാനങ്ങൾക്ക് യോജിച്ചതല്ല. യൂത്ത് കോൺഗ്രസ് പ്രതിഷേധങ്ങളിലെ പങ്കാളിത്തക്കുറവ് പ്രതിപക്ഷവാദം ജനങ്ങൾ അംഗീകരിക്കുന്നില്ലെന്നതിന് തെളിവാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ബന്ധപ്പെട്ട അധികാരികളുൾപ്പെടുന്ന സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി ഓരോ ആറ് മാസം കൂടുമ്പോഴും യോഗം ചേർന്ന് അവലോകനവും പുനഃപരിശോധനയും നടത്തിയാണ് സംസ്ഥാനങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത്. മുഖ്യമന്ത്രിയുടെ യാത്രയുമായി

ബന്ധപ്പെട്ട് വാഹനവ്യൂഹമൊരുക്കുന്നത് മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ചല്ല. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മിതമായ നിരക്കിലുള്ള നികുതി വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ജനാധിപത്യ രീതിയിലുള്ള പ്രതിഷേധങ്ങൾ സംസ്ഥാനത്തുണ്ടാകാറുണ്ട്. നികുതി പിരിവ് കാര്യക്ഷമമായി നടത്താതെ ജനങ്ങളുടെ മേൽ അധിക നികുതിഭാരമടിച്ചേൽപ്പിക്കുന്ന സർക്കാർ നടപടിയെയാണ് പ്രതിപക്ഷം എതിർക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നികുതി വർദ്ധനക്കെതിരെ പ്രതിപക്ഷം സമരം ചെയ്തതിന് നൂറ് കണക്കിന് കേസുകളാണ് സംസ്ഥാന സർക്കാർ ചാർജ്ജ് ചെയ്തത്. കരുതൽ തടങ്കലിലൂടെ പ്രതിപക്ഷ സമരത്തെ നേരിടുന്നത് ശരിയായ രീതിയല്ല. അക്രമത്തിലൂന്നിയല്ലാതെയുള്ള പ്രതിഷേധം പ്രതിപക്ഷം തുടരുകതന്നെ ചെയ്യും.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് പ്ലക്കാർഡുകളുയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ

രാവിലെ 10.53-ന് സഭ നിർത്തിവയ്ക്കുകയും 11.15-ന് പുനരാരംഭിക്കുകയും ചെയ്തു.)

(പ്രതിപക്ഷനേതാവ് തുടർച്ച)

ഭരണകൂടം ചെയ്യുന്ന നിയമവിരുദ്ധമായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ അടിച്ചമർത്തി വ്യാപകമായി കേസ്സെടുക്കുന്ന നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. പ്രതിപക്ഷം സമാധാനപരമായി സമരം ചെയ്യുന്നവരാണ്. പ്രിവന്റീവ് അറസ്റ്റിനെതിരെ നിയമപരമായ നടപടി സ്വീകരിക്കും. മിവാ ജോളി എന്ന പെൺകുട്ടിയെയും ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യേയും കയ്യേറ്റം ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകാത്ത മുഖ്യമന്ത്രിയുടെ നിലപാടിനോട് യോജിക്കാൻ സാധിക്കില്ല.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കണമെന്ന് ചെയർ നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## II. റിപ്പോർട്ടുകളുടെ സമർപ്പണം

1. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

2. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## III. നിയമനിർമ്മാണകാര്യം:

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## (2) 2023-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**രണ്ടുംമൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

രണ്ടുംമൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടുംമൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 11.32-ന് പിരിഞ്ഞു.

.....